**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1231** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി അഴിമുഖത്ത് തീരം കുറഞ്ഞു വരുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം മുതലപ്പൊഴിയിൽ തീരം കുറഞ്ഞു വരുന്ന അതീവ ഗുരുതര സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വടക്ക് ഭാഗത്ത് തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുറമുഖത്തിന്റെ വടക്ക് ഭാഗത്ത് തീരം സംരക്ഷിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ തുറമുഖത്തിന്റെ വടക്ക് ഭാഗത്ത് രണ്ട് കിലോമീറ്റർ തീരം സംരക്ഷിക്കുന്നതിന് 10 ചെറിയ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ₹26.51 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് ദർഘാസ് ക്ഷണിച്ച് 07/01/2023 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | അഞ്ചുതെങ്ങ് തീരപ്രദേശം മുഴവനും കടലിന്റെ അടിത്തട്ടിൽ അമരാനുള്ള സാധ്യത വിദൂരമല്ല എന്ന ശാസ്ത്രീയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട് |
| (സി) | ഹാർബറിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് സാൻഡ് ബൈപാസിങ് വഴി വടക്ക് ഭാഗത്തു നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിയുന്ന മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സ്ഥിര സംവിധാനം ഒരുക്കുന്നതിന് സാൻഡ് ബൈപ്പാസിംഗിനായി 31/07/2023 -ന് ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച 11.00 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഇതിനുള്ള പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അടിയന്തര പരിഹാരം എന്ന നിലയിൽ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞു കൂടുന്ന മണൽ തുറമുഖത്തിന്റെ വടക്ക് ഭാഗത്തേക്ക് ലോറിയിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി |

| | | | |
|---|---|---|---|
| | | | അടിയന്തരമായി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ